# എഴുത്തുകാരനായ മോർ പംഫീലിയോസ്
# Mor Pamphilose (Poopilius) the Historian

സഭാ ചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന കേസരിയായിലെ മോർ യൗസേബിയൂസിന്റെ ആരാധന കേന്ദ്രമാണ് മോർ പംഫീലിയോസ്. ഫൊയ്നീഷ്യായിലോ (Phoenicia) ബെയ്ദുട്ടിലോ (Berytus) ആണ് അദ്ദേഹം ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. വളരെ വലിയ കുടുംബത്തിൽ, നല്ല സമ്പന്നനായാണ് അദ്ദേഹം തന്റെ ബാല്യം ചിലവിട്ടത്. ചെറുപ്പം മുതലെ ഒരു നല്ല വിദ്യാർത്ഥിയായിരുന്ന അദ്ദേഹം പലതരം കലകളിലും, ശാസ്ത്രങ്ങളിലും പ്രാവണ്യം നേടി.

ബായിറോസ് (Pierus) എന്ന പ്രധാനാദ്ധ്യാപകന്റെ കാലത്ത് പംഫീലിയസ് അലക്സാന്ദ്രിയൻ മതപഠന കേന്ദ്രത്തിൽ വിദ്യാർത്ഥിയായി ചേർന്നു. ചുരുങ്ങിയ കാലം കൊണ്ടുതന്നെ ആ വലിയ വിദ്യാലയത്തിലെ പ്രശസ്തനായി അദ്ദേഹം മാറി. തന്റെ പഠനം പൂർത്തിയായ അവസരത്തിൽ തനിക്കുള്ള സമ്പാദ്യം മുഴുവൻ വിറ്റ് ദരിദ്രർക്ക് നൽകികൊണ്ട് ദാരിദ്രവ്രതം താൻ സ്വീകരിച്ചു. തന്റെ ലൌകീക സമ്പ ത്തെല്ലാം ഉപേക്ഷിച്ചശേഷം അദ്ദേഹം കൈസര്യ പട്ടണത്തിൽ വന്ന് താമസിച്ചു.

പംഫീലിയോസിന്റെ പ്രശസ്തി കാലക്രമേണ കൈസര്യയിലും പരന്നു. തുടർന്ന് അന്നത്തെ എപ്പിസ്കോപ്പയായിരുന്ന ആഗാപിയോസ് അദ്ദേഹത്തെ കുശ്ശീശായായി അഭിഷേകം ചെയ്തു. ഗ്രന്ഥങ്ങൾ വായിക്കുന്നതിലും, പഠിക്കുന്നതിലും അതീവ തൽപരനായിരുന്ന പംഫീലിയോസിന്റെ ശ്രദ്ധ മുഴുവൻ ഒറിഗൻ കൈസര്യയിൽ സ്ഥാപിച്ച് ഗ്രന്ഥശാലയാക്കി. അദ്ദേഹം തന്റെ സമീപമുള്ള എല്ലാ സ്ഥലങ്ങളിൽ നിന്നും ഗ്രന്ഥങ്ങൾ വരുത്തുകയും അവ പഠിച്ച് സഭയെ പരിപോഷിക്കുകയും ചെയ്തു.

ഏറെ താമസിയാതെ കൈസരിയായിൽ അദ്ദേഹം ഒരു മതപഠനശാല ആരംഭിച്ചു തന്റെ സുഹൃത്തും ശിഷ്യനും സഹായിയുമായ യൗസേബിയോസ് ഈ സമയത്തെല്ലാം പംഫീലിയോസിനെ സഹായിച്ചിരുന്നു. വി. പംഫീലിയോസിന്റെ പ്രവർത്തനങ്ങളിൽ ക്രൂദ്ധനായ ഭരണാധിപൻ അദ്ദേഹത്തെയും തൻെറ ശിഷ്യന്മാരായ വി. ഏലിയാസിനേയും കൂട്ടുകാരെയും പിടികൂടി ജയിലിൽ അടച്ചു.

ജയിലിൽ ബന്ധിതനായ വിശുദ്ധൻ തന്റെ ജീവിതം പ്രയോജനകരമായി ചിലവഴിച്ചു. താൻ ബന്ധിതനായ രണ്ടുവർഷക്കാലം വി. വേദപുസ്തകത്തിലെ പല ഭാഗങ്ങളും സ്വന്തം കൈകൾ കൊണ്ട് പകർത്തി എഴുതി. അനേകം ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ചിലവ നിരോധിക്കുകയോ തിരുത്തുകയോ ചെയ്തു. ഈ സമയത്തെല്ലാം യൗസേബിയൂസിന്റെ സഹായം അദ്ദേഹം പ്രയോജനപ്പെടുത്തി.

ക്രൈസ്തവ പിതാക്കന്മാരുടെ ജീവചരിത്രങ്ങളും ലേഖനങ്ങളും പഠനങ്ങളും തേടിപിടിച്ച് കണ്ടുപിടിക്കുന്നതിലും അവ സംരക്ഷിക്കുന്നതിലും വിശുദ്ധൻ നടത്തിയ ശ്രമങ്ങൾ വളരെ ശ്ലാഘനീയമാണ്. ഈ മാർഗ്ഗം പിൻപറ്റിയാണ് പിന്നീട് മോർ യൗസേബിയോസ് തന്റെ പാത കണ്ടെത്തിയത്. യൗസേബിയോസ് രചിച്ച സഭാചരിത്ര ഗ്രന്ഥത്തിന്റെ യഥാർത്ഥ പ്രചോദനം വി. പംഫീലിയോസ് ആണെന്ന് കരുതപ്പെടുന്നു.

എ.ഡി. 307ൽ മക്സീമിയാനോസ് നടത്തിയ ക്രൈസ്തവ പീഢനത്തിൽ ഈ വിശുദ്ധൻ പിടിക്കപ്പെട്ടു. ജയിലിനകത്തും തന്റെ ദൗത്യം തുടർന്ന പംഫീലിയോസിനെ ഇനിയും ജീവിക്കാൻ അനുവദിച്ചാൽ അത് പ്രശ്നം ആകുമെന്നു കണ്ട ഭരണാധികാരി 309 കുംഭം 16നു അദ്ദേഹത്തേയും വി. ഏലിയാസിനേയും, ആറ് സഹോദരങ്ങളേയും വധിച്ചു. കാരാഗൃഹത്തെപ്പോലും പഠനശാലയാക്കിയ വി. പംഫീലിയോസിന്റെ വിദ്യാതൃഷ്ണ ആധുനിക വിദ്യാർത്ഥി സമൂഹത്തിനു മാതൃകയാണ്. ഗുരുവിന്റെ ശ്രേഷ്ഠത കണ്ടെത്തിയ യൗസേബിയോസ് തന്റെ ഗുരുനാമം പംഫിലോസ് എന്നതു ഒരു സ്ഥാനനാമം പോലെ സ്വീകരിച്ചു. സഭാചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന അദ്ദേഹം യൗസേബിയോസ് പംഫീലോസ് എന്നാണ് തന്റെ കൃതികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

*Compiled by Dn. Greger R. Kollanoor, Palakkal.*
*E-mail:gregerpalakkal@yahoo.co.in*